മിസ്റ്റർ എം. എം. പോൾ: പർമിറ്റനുസരിച്ചുള്ള സാധനങ്ങൾ എടുക്കാം.

Mr. K. T. Achuthan *(Ezhuvas-Talappally):* May I know whether any chilies have been brought from the Bengal Province ?

Mr. M. M. Paul *(Director of Food Supplies):* I want notice.

PARTICULARS OF STORES STARTED UNDER THE CIVIL SUPPLIES DEPARTMENT

55 മിസ്റ്റർ സി. കെ. നായർ:

താഴെ പറയുന്ന ചോദ്യങ്ങൾക്കുത്തരം പറയാൻ ഗവൺമെണ്ടിനു ദയവുണ്ടാകുമോ.—

(എ) സിവിൽ സപ്ലൈസ് വകുപ്പിന്റെ കീഴിൽ വിവിധ താലൂക്കുകളിലായി എത്ര സ്റ്റോറുകൾ പുതുതായി തുടങ്ങിയിട്ടുണ്ട്;

(ബി) ഓരോ സ്റ്റോറിലും എത്രവീതം ഉദ്യോഗസ്ഥന്മാരുണ്ട്; എത്രവീതം ശമ്പളമുള്ളവരാണവർ;

(സി) സ്റ്റോറുകൾക്കായി പ്രതിമാസം എന്തു ചിലവുവരുന്നുണ്ട്;

(ഡി) എന്തുദ്ദേശത്തോടുകൂടിയാണ് ഈ സ്റ്റോറുകൾ തുടങ്ങിയത്;

(ഇ) ഉദ്ദിഷ്ടകാര്യം ഈ സ്റ്റോറുകളെക്കൊണ്ടു സാധിച്ചിട്ടുണ്ടോ?

മിസ്റ്റർ എം. എം. പോൾ:

(എ) ൧൫൫ എണ്ണം.

(ബി) ൩ ആളുകൾവീതം. (ഒരാൾക്കു ൨൫ രൂ. കൂടിയും, മറ്റു രണ്ടുപേർക്കു ൧൫ രൂ. കൂടിയും വീതമാണ് ശമ്പളം).

(സി) ൩൫ രൂ. കൂടിവീതം.

(ഡി) ഇപ്പോൾ മുഖ്യതിരം രാജ്യത്തിന്റെ നാനാഭാഗത്തും നിവസിക്കുന്ന ജനങ്ങൾക്കു നിശ്ചിതനിരക്കിലും സമയത്തും അരി, പഞ്ചസാര, മണ്ണെണ്ണ തുടങ്ങിയ സാധനങ്ങൾ വിതരണം ചെയ്യുന്നതിനു്.

(ഇ) ഉവ്വു്.

Mr. P. Kumaran Ezhuthassan *(Vadakkancheri):* May I know whether this total expenditure of Rs. 65 is not distributed with due respect to the communities of the State?

Mr. M. M. Paul *(Director of Food Supplies):* I want notice. Initial appointments are made by the Staff Selection Board, except inferior servants.

മിസ്റ്റർ കെ. കുഞ്ഞിരാമമേനോൻ: എല്ലാ സ്റ്റോറിലും മൂന്നാളുകൾ വീതമാണോ ഉള്ളതു്?

മിസ്റ്റർ എം. എം. പോൾ: എല്ലാസ്റ്റോറിലുമില്ല. ചില സ്ഥലങ്ങളിൽ മൂന്നാളില്ലാതെയും വക്കു ചെയ്യുന്നുണ്ടു്.

മിസ്റ്റർ കെ. കുഞ്ഞിരാമമേനോൻ: ആളുകൾ കുറവുള്ളസ്ഥലത്തു കാർഡുകാക്കു സാധനങ്ങൾ കിട്ടുന്നതിനു വിഷമം നേരിടുന്നുണ്ടോ?

മിസ്റ്റർ എം. എം. പോൾ: ഇല്ല.

മിസ്റ്റർ കെ. ജെ. തോമസു്: ഈ സ്റ്റോറുകളിൽ നിന്നു സാധനം കിട്ടുന്നതിനു കാർഡുവേണമെന്നുണ്ടോ?

മിസ്റ്റർ എം. എം. പോൾ: അങ്ങിനെയുണ്ടു്.

മിസ്റ്റർ കെ. ജെ. തോമസു്: ഫെയർ പ്രൈസ് ഷാപ്പിനുള്ളതു കാർഡു ഇതിനുമുണ്ടോ?

മിസ്റ്റർ എം. എം. പോൾ: ഓരോ ഷാപ്പിനും ഇതു കാർഡുകൾ എന്നുണ്ടു്.

മിസ്റ്റർ കെ. ജെ. തോമാസു്: കാർഡുകാക്കു്ല്ലെ അവിടെനിന്നു സാധനം കിട്ടുകയുള്ളൂ?

മിസ്റ്റർ എം. എം. പോൾ: അതെ.

മിസ്റ്റർ കെ. ജെ. തോമാസു്: ഇതു് ഫെയർ പ്രൈസ് ഷാപ്പുകളെക്കൊണ്ടു നടത്തിക്കൊണ്ടു പോകാവുന്നതല്ലെ?

മിസ്റ്റർ എം. എം. പോൾ: സാധാരണ മറ്റു ഷാപ്പുകളില്ലാത്ത സ്ഥലങ്ങളിലാണു് ഗവർമെണ്ടു ഷാപ്പു വെച്ചിരിക്കുന്നതു്. ചില സ്ഥലത്തു ഗവർമെണ്ടു് ഷാപ്പു് ആവശ്യമാണെന്നു തോന്നിട്ടാണു് വച്ചിരിക്കുന്നതു്.

മിസ്റ്റർ വി. കെ. കുട്ടി: അരി, പഞ്ചസാര, മണ്ണെണ്ണ മുതലായ സാധനങ്ങൾ വിതരണം ചെയ്യുന്നതു് ഫെയർ പ്രൈസ് ഷാപ്പുവഴിയല്ലെ?

LIBRARY ARCHIVES Kerala Legislative Assembly

മിസ്റ്റർ എം. എം. പോൾ: അരിയും മണ്ണെണ്ണയും എല്ലാ ഫെയർ പ്രൈസ് ഷാപ്പുക ളിൽ നിന്നും കൊടുക്കുന്നുണ്ട്. പഞ്ചസാര ഗവർമെണ്ടു ഷാപ്പിൽനിന്നേ കൊടുക്കുകയുള്ളൂ.

മിസ്റ്റർ വി. കെ. കുട്ടി: പഞ്ചസാര അവരെ ഏല്പിക്കാത്തതു് എന്താണു്?

മിസ്റ്റർ എം. എം. പോൾ: അതിൽ തകരാറുവരുവാൻ വഴിയുണ്ടു്. അതുവരാ തിരിക്കുവാൻ വേണ്ടിയാണു് ഗവർമെണ്ടുതന്നെ കൊടുക്കുന്നതു്.

മിസ്റ്റർ വി. കെ. കുട്ടി: അരി മുതലായ സാധനങ്ങൾ അവരെടുത്താൽ ഗവർമെണ്ടു് എന്തു ആക്ഷനെടുക്കും?

മിസ്റ്റർ എം. എം. പോൾ: അതിനുള്ള ആക്ഷനെടുക്കും.

മിസ്റ്റർ വി. കെ. കുട്ടി: കാർഡുപ്രകാരമുള്ള പഞ്ചസാരയല്ലെ അവിടെനിന്നുകൊടു ക്കുന്നതു്; പിന്നെ എങ്ങിനെയാണവർ ഉപദ്രവം ചെയ്യുന്നതു്?

മിസ്റ്റർ എം. എം. പോൾ: എന്നാലും അവർക്കു ഉപദ്രവം ചെയ്യുവാൻ കഴിയു ന്നതാണു്.

മിസ്റ്റർ വി. കെ. കുട്ടി: അതെങ്ങിനെയാണു് ഉപദ്രവം വരുന്നതു്?

മിസ്റ്റർ എം. എം. പോൾ: ചില ആളുകൾക്കു പഞ്ചസാര ആവശ്യമുണ്ടാകയില്ല. അങ്ങിനെയുള്ളവരുടെ പഞ്ചസാര അവർ വാങ്ങിച്ചു എന്നു് റജിസ്റ്ററിൽ വരവുവെച്ചു് പീ ടികക്കാർ പുറത്തു വിൽക്കുവാനിടയുണ്ടു്.

മിസ്റ്റർ വി. കെ. കുട്ടി: അങ്ങിനെ ചെയ്യുന്നവരുടെ മേൽ ആക്ഷനെടുക്കണം. കാ ർഡുകാർക്കു കൊടുക്കുന്നതിനുള്ള പഞ്ചസാര ഈ ഷാപ്പുകാരെ ഏല്പിക്കുന്നതിൽ എന്താ ണു വിരോധം?

മിസ്റ്റർ എം. എം. പോൾ: അവർ കച്ചവടക്കാരുമായി ഒത്തുകൊണ്ടു് വാങ്ങാത്തവർ വാങ്ങി എന്നു് രേഖപ്പെടുത്തി സാധനം ബ്ലാക്കുമാർക്കറ്റിൽ അയക്കും.

മിസ്റ്റർ വി. കെ. കുട്ടി: ഓരോ കാർഡുകാർക്കും ഇത്ര പഞ്ചസാര എന്നു നിശ്ചയിച്ചി ട്ടുണ്ടു്. ആ കാർഡുകാർക്കു പഞ്ചസാരകൊടുക്കുവാൻ തീർച്ചയാക്കിയാൽ എങ്ങിനെയാണു പിന്നെകുറവുചെയ്യാൻ സാധിക്കുന്നതു്?

Mr. M. M. Paul *(Director of Food Supplies)*: As regards sugar, there are a number of people who can get it do not buy sugar. We found from experience that there is the likelihood of the shop-owners and the consumers colluding and selling the sugar in the black-market without actually issuing it.

മിസ്റ്റർ വി. കെ. കുട്ടി: നിശ്ചയിച്ചിട്ടുള്ള പഞ്ചസാര അതാതാളുകൾ വാങ്ങുകയില്ലെ ന്നാണൊ മനസ്സിലാക്കേണ്ടതു്?

Mr. M. M. Paul *(Director of Food Supplies:)*: Yes. Some do not buy.

Mr. President: Order, order.

PARTICULARS OF M. As. & Hons. GRADUATES IN THE MALAYALAM DEPARTMENT OF THE MAHARAJA'S COLLEGE

56. Mr. C. V. Iyyu *(Kunnamkulam)*: Will Government be pleased to state.—

(*a*) the No. of M. A.s or Hons. graduates with their main subject as Malayalam in the Maharaja's College, now;

(*b*) whether there have been applications of Malayalam M. A.s and Hons. graduates with distinction when vacancies in Malayalam arose;

(*c*) the qualifications of those who deal in Malayalam in the Language Department of the Maharaja's College who have not secured exemption from the University?

Rao Sahib I. N. Menon *(Director of Public Instruction)*:

(*a*) None.

(*b*) Yes.

(*c*) 1. Mr. P. M. Sankaran Nambyar, B.A. (Hons.) Sanskrit.
2. Mr. G. Sankara Kurup Vidwan (First Class).
3. Mr. E. Raghava Warriar, B.A. (Hons.) Sanskrit.
4. Mr. P. V. Krishnan Nayar, Mahopadhyaya title 1st class; Vidwan 1st class proficiency in Indo European Philology, B.O.L. degree.

These are members on the staff who need no exemption to be secured to deal in Malayalam.

LIBRARY ARCHIVES Kerala Legislative Assembly